# പതിമൂന്നാം കേരള നിയമസഭ
# പത്താം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4072</u> <u>03.02.2014 ൽ മറുപടിക്ക്</u>

**<u>ചേർത്തല അർത്തുങ്കൽ പി.എച്ച്.സെന്റർ 24 മണിക്കൂറും</u>**
**<u>തുറന്നു പ്രവർത്തിക്കുന്നതിന് നടപടി</u>**

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. പി. തിലോത്തമൻ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ചേർത്തല അർത്തുങ്കൽ പി.എച്ച് സെന്റർ 24 മണിക്കൂറും തുറന്നു പ്രവർത്തിക്കുന്ന സ്ഥാപനമാക്കും എന്ന കഴിഞ്ഞ സർക്കാരിന്റെ കാലത്തെ പ്രഖ്യാപനം നടപ്പിലാക്കുന്നതിലുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ; | (എ) 24 മണിക്കൂറും പ്രവർത്തിക്കുന്നതിന് ജീവനക്കാരുടെ അധിക തസ്തികകൾ ആവശ്യമാണ്. |
| (ബി) ചേർത്തലയുടെ പടിഞ്ഞാറൻ കടലോര മേഖലയിലെ മത്സ്യതൊഴിലാളികൾ ഉൾപ്പെടെയുള്ള ജനങ്ങൾ ആശ്രയിക്കുന്ന സ്ഥാപനമാണിതെന്ന് വ്യക്തമായിട്ടുണ്ടോ; | (ബി) ഉണ്ട് |
| (സി) പ്രസ്തുത മേഖലയിലുള്ള ജനങ്ങൾ അടിയന്തിര ഘട്ടങ്ങളിൽ ചികിത്സയ്ക്കായി കിലോമീറ്ററുകൾ ദൂരെയുള്ള ചേർത്തല ആശുപത്രിയെ ആശ്രയിക്കേണ്ട അവസ്ഥയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സാഹചര്യം കണക്കിലെടുത്ത് അർത്തുങ്കൽ പി.എച്ച്.സി. യിലെ സേവനം 24 മണിക്കൂറും ലഭിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ? | (സി) കിടത്തി ചികിത്സയ്ക്ക് ആവശ്യമായ ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുകയാണ്. |

സെക്ഷൻ ഓഫീസർ